

ചിത്രീകരണം : അജിലാൽ

പ്ലാച്ചിമട

# കോളക്കൂറ്റന്മാരെ ജനങ്ങൾ ശിക്ഷിക്കണം

പ്രൊഫ. പി.എ. വാസുദേവൻ

## പ്ലാച്ചിമട സമരം : വിഭവം, അധികാരം, തെരഞ്ഞെടുപ്പ്

കേരളത്തിലെ വികസനം, പരിസ്ഥിതി, സ്ത്രീ-ദളിത് നീതി, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ 1998 മുതൽ സജീവമായി ഇടപെടുന്ന പ്രസിദ്ധീകരണമാണ് കേരളീയം. വികസന ചർച്ചയിലെ സജീവ വിഷയമായ പാലക്കാട് ജില്ലയിലെ കൊക്കക്കോള, പെപ്സി കോള കമ്പനികളുടെ പ്രവർത്തനങ്ങൾ, അവയ്ക്കെതിരായ സമരങ്ങൾ, ഇവയുടെ പശ്ചാത്തലത്തിൽ വ്യാവസായിക ആവശ്യത്തിനുള്ള പ്രകൃതി വിഭവങ്ങളോടുള്ള സമീപനം തുടങ്ങിയവയെപ്പറ്റി അഭിപ്രായങ്ങൾ കഴിഞ്ഞ ഏപ്രിൽ ലക്കം മുതൽ കേരളീയത്തിൽ പ്രസിദ്ധീകരിച്ചു തുടങ്ങിയിരുന്നു. താങ്കളുടെ പ്രതികരണം/മറുപടി എത്രയും വേഗം എത്തിച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

### കേരളീയം - പ്ലാച്ചിമട ചോദ്യാവലി - 2006

1. കേരളത്തിലെ ഭരണ-പ്രതിപക്ഷ കക്ഷികൾ മുഴുവൻ പ്ലാച്ചിമട സമരത്തെ പിന്തുണച്ചിട്ടും പ്ലാച്ചിമട പ്രശ്നം പരിഹരിക്കപ്പെടാത്തത് എന്തുകൊണ്ടാണ്?
2. മൂലധനശക്തികൾ ലാഭവർദ്ധനവിന് വേണ്ടി പ്ലാച്ചിമടയിലെ സാമാന്യ ജനങ്ങളുടെ ജീവനോപാധികൾ കയ്യേറ്റം ചെയ്യുന്നതാണല്ലോ (ജലമലിനീകരണം, അമിതജലചൂഷണം, തുടങ്ങിയവ) പ്ലാച്ചിമട പ്രശ്നം. പ്ലാച്ചിമടകൾ ആവർത്തിക്കപ്പെടാതിരിക്കാനുള്ള നടപടികൾ എന്തായിരിക്കണം ?
3. പ്ലാച്ചിമടയിൽ കൊക്കക്കോള കമ്പനി മൂലം പരിസരമലിനീകരണമുണ്ടായിട്ടുണ്ട് എന്ന് സുപ്രീം കോടതി മോണിറ്ററിംഗ് കമ്മിറ്റിയും കേരള മലിനീകരണ നിയന്ത്രണ ബോർഡും ഒക്കെ കണ്ടെത്തിയിട്ടുണ്ടല്ലോ. പരിസര മലിനീകരണമുണ്ടാക്കിയ കൊക്കക്കോളയ്ക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് ?
4. നഷ്ടപരിഹാരം നൽകി കമ്പനി അടച്ചുപൂട്ടുക എന്നതായിരുന്നു പ്ലാച്ചിമട കൊക്കക്കോള വിരുദ്ധ സമരസമിതിയുടെ മുഖ്യ ആവശ്യം. എന്നാൽ പ്ലാച്ചിമടയിൽനിന്ന് പാലക്കാട് ജില്ലയിലെ പുതുശ്ശേരി/കഞ്ചിക്കോടിലേക്ക് കമ്പനി മാറ്റാൻ സർക്കാരും കമ്പനിയും ശ്രമം തുടങ്ങിയിട്ടുണ്ട്. പ്ലാച്ചിമടയുടെ ആവർത്തനമായിരിക്കും ഇവിടെയും സംഭവിക്കുക എന്ന സ്ഥിതിയിൽ കമ്പനിയുടെ സ്ഥലംമാറ്റത്തെക്കുറിച്ച് താങ്കളുടെ നിലപാടെന്ത് ?
5. അധികാര വികേന്ദ്രീകരണത്തേയും പഞ്ചായത്തീരാജ് സംവിധാനങ്ങളേയും എല്ലാ രാഷ്ട്രീയ കക്ഷികളും സ്വാഗതം ചെയ്യുന്നു. എന്നാൽ പ്ലാച്ചിമട കാര്യത്തിൽ പെരുമാട്ടി പഞ്ചായത്ത് അധികാരത്തിനായി സുപ്രീം കോടതിയിൽ കേസിലാണ്. പ്രാദേശിക വിഭവങ്ങൾക്കുമേൽ തദ്ദേശീയർക്കുള്ള അവകാശങ്ങൾ സർക്കാരുകൾ നൽകാതിരിക്കുന്നത് ശരിയാണോ ? തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മതിയായ അധികാരമുണ്ടോ ? ഇത്തരം വിഷയങ്ങൾ തെരഞ്ഞെടുപ്പിലുന്നയിക്കുമോ ?1
6. പുതിയ ഇടതുപക്ഷ സർക്കാർ അധികാരത്തിലെത്തിയ സ്ഥിതിയിൽ പ്ലാച്ചിമട സമരത്തിന്റെ വിജയത്തിനായി/പ്രശ്ന പരിഹാരത്തിനായി പ്രവർത്തന പരിപാടികൾ/പദ്ധതികളെന്തെല്ലാം?

ഭരണ പ്രതിപക്ഷ കക്ഷികൾ മുഴുവനും, പ്ലാച്ചിമട സമരത്തെ പിന്തുണച്ചു എന്നത് ശരിയല്ല. അവരിൽ ഭൂരിഭാഗവും പ്ലാച്ചിമട സമരത്തെ സ്വന്തം പിന്തുണയ്ക്ക് ഉപയോഗിച്ചെന്നു പറയുന്നതാവും ശരി. വലിയ കക്ഷികളിൽപെട്ട കോൺഗ്രസ്സ്, മുസ്ലിം ലീഗ്, ബി.ജെ.പി. എന്നിവ ശരിയ്ക്കും സമരരംഗത്തില്ലായിരുന്നുവെന്നു മാത്രമല്ല, ഈ അതിജീവന സമരത്തെ അവഹേളിക്കുക കൂടി ചെയ്തവരാണ്. അവർക്കത് 'നോൺ-ഇഷ്യൂ' ആയിരുന്നു. ഇവർ ഭരണപക്ഷത്തായിരുന്നു എന്നത്, ദയനീയമായ ഒഴിവുകഴിവാണ്. മുഴുവൻ രാഷ്ട്രീയ പാർട്ടികൾ പിന്തുണച്ചില്ലെന്നു മാത്രമല്ല, രാഷ്ട്രീയ പാർട്ടികളുടെ "മുഴുവൻ പിന്തുണ"യും (രണ്ടും രണ്ടാണെന്നു ശ്രദ്ധിക്കുക) ഉണ്ടായിരുന്നില്ല.

ചില വൻ പാർട്ടികളുടെ പിന്തുണ വളരെ 'കാഷ്വലും', പ്രകടനാത്മകവുമായിരുന്നു. പ്രശ്നം പരിഹരിയ്ക്കപ്പെടാതിരുന്നതിന്റെ ഒരു കാരണമതാണ്. സമരത്തിന്റെ കക്ഷിഇതര മുഖച്ഛായ അവരിൽ പലർക്കും അസ്വാസ്ഥ്യജനകവുമായിരുന്നു. കുടിവെള്ളം ചോദിക്കുന്നവരെ സ്വന്തമാക്കാൻ ശ്രമിക്കാതെ, കുടിവെള്ളം അവർക്കു സ്വന്തമാക്കിക്കൊടുക്കാനുള്ള പിന്തുണയും, നീക്കവുമായിരുന്നു പലരിൽനിന്നും പ്രതീക്ഷിച്ചിരുന്നത്. പക്ഷെ ഭരണപക്ഷ പാർട്ടികൾക്കു മൊത്തവും, മറുപക്ഷത്തെ ചിലർക്കും ഇത്രദൂരം ചിന്തിക്കാനാവാതെ പോയി.

2. ഒരു സമൂഹവും, അതിന്റെ പ്രകൃതിവിഭവം കൊള്ളക്കൂട്ടങ്ങൾക്ക് കൊടുക്കരുത്. നിയമവും, ഭരണവും, കൊള്ളയ്ക്ക് കൂട്ടുനിൽക്കാം. പക്ഷെ ദാഹിക്കുന്നവനാണ് വെള്ളത്തിന്റെ ഉടമ. പ്ലാച്ചിമട ആവർത്തിക്കാതിരിക്കാൻ, സമൂഹങ്ങളുടെ ദാർഢ്യമാണ് ആവശ്യം. ജല ഉപയോഗവും, സംരക്ഷണവും, അതതുസമൂഹം ചെയ്യണം. പ്രാദേശിക ഭരണകൂടവുമാകാം.

ആഗോള ജലനയമോ, ദേശീയ ജലനയമോ ഉണ്ടായിക്കോട്ടെ. അതൊക്കെ നൽകുന്ന സംരക്ഷണം പരിമിതമാണ്. അതൊക്കെ സാങ്കേതിക പ്രശ്നം. ഈ സാങ്കേതികതകൾ തോറ്റാലും, സമൂഹം തോൽക്കരുത്. തോറ്റാൽ അവർക്കു ദാഹിക്കും.

പ്ലാച്ചിമടയിൽ പെരുമാട്ടി പഞ്ചായത്ത് ചെയ്തതാണ് ശരി. ഏത് 'ജലക്കൂറ്റനും' വന്നോട്ടെ. വെള്ളം

സംരക്ഷിക്കുവാൻ, പ്രദേശവാസികൾ ഒത്തുചേർന്നാൽ ഒരു വമ്പനും പ്രശ്നമല്ല. അവരുടെ അറിവുകേടുകളിലൂടെയാണ് ജലം ചോരുക. അതുകൊണ്ട് തദ്ദേശീയരുടെ ശക്തി സ്വരൂപിക്കണം. ബോധവൽക്കരിക്കണം. വേണ്ട നേതൃത്വം അവിടന്നുതന്നെ സ്വരൂപിക്കണം. തോറ്റാൽ നഷ്ടമാവുന്നതിനെ കുറിച്ച് അവരെ ബോധ്യപ്പെടുത്തണം.

അപ്പോൾ പ്ലാച്ചിമടകൾ ആവർത്തിക്കില്ല.

3. ജലമലിനീകരണ ബോർഡും സർക്കാരും മോണിറ്ററിങ്ങുകാരും, അതിനപ്പുറം കോടതിയും ചേർന്നാൽ ഒരു കാര്യവും നടക്കില്ല. എല്ലാതരം പരിശോധനകളും അപ്പീലും വിധിയും പിന്നെയും അപ്പീലുമായി കാര്യമെത്ര നീണ്ടുപോയി. കോടതി കുരുക്ക് ഇനിയും ബാക്കിയാണ്. അന്തിമമായൊരു ജനപക്ഷ വിധി വരില്ലായിരിയ്ക്കും. എത്ര ലാബറട്ടറി പരിശോധനകൾ നടന്നു. പ്ലാച്ചിമടയിലെ വെള്ളം അവിടത്തുകാർക്ക് കുടിയ്ക്കാനുള്ളതാണെന്ന ലളിതമായ ന്യായം സ്ഥാപിക്കാൻ, ഇത്രയൊക്കെ കോലാഹലമെന്തിനാണ്.

കോള കമ്പനിയ്ക്കെതിരെ കോടതിവിധിയോ, സർക്കാർ തീരുമാനമോ ഉണ്ടാവില്ല. അത്രയ്ക്ക് ശക്തമല്ല നിയമവും, ഭരണവും. സർദാർ സരോവർ അണക്കെട്ടിന്റെ പ്രശ്നവും നാം കണ്ടില്ല. ഇവിടെ വെള്ളം കിട്ടാതെ ജനം വലയുന്നു. അവിടെ വെള്ളത്തിൽ മുങ്ങി ലക്ഷങ്ങൾ മരിക്കുന്നു. നോക്കൂ, ഈ രണ്ടുസന്ദർഭങ്ങളിലും കോടതിയും സർക്കാരും ജനങ്ങൾക്കെതിരെയല്ല നിന്നത്.

ആരാണ് ശിക്ഷിക്കേണ്ടത്. ഇവരോ. ഉണ്ടാവില്ല. ഇനി ശിക്ഷ വിധിക്കേണ്ടത് ജനങ്ങളാണ്. കോളകമ്പനി പ്രവർത്തിക്കാതിരുന്നത് ഈ ജനശക്തികൊണ്ടു മാത്രമാണ്. നിയമത്തിന്റെ വഴികൾ ഉപയോഗിച്ചു എന്നത് ശരിയാണ്.

ഈ കോളക്കുറ്റന്മാരെ നിയമവും സർക്കാരും ശിക്ഷിക്കില്ല. ശിക്ഷിക്കേണ്ടത് വെള്ളം കിട്ടാത്തവർ തന്നെയാണ്.

4. പുതുശ്ശേരിയിലേക്ക് കോളകമ്പനി മാറ്റൽ ഒരു പരിഹാരമല്ല. പ്ലാച്ചിമട അവിടെയും ആവർത്തിക്കും. പെപ്സി കമ്പനിയും മറ്റുപല കമ്പനികളും അവിടത്തെ ജലം ചോർത്തുവാൻ ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ പല പഠനങ്ങളിലും വന്നുകഴിഞ്ഞു. പെപ്സിയെ ഒതുക്കാൻ അവിടത്തെ സിപിഎം പഞ്ചായത്ത് ശ്രമിച്ചില്ലെന്നത് അത്ഭുതം തന്നെ.

അതുകൊണ്ട് കോള പുതുശ്ശേരിയിലെത്തിയാൽ അവിടത്തെ പ്രശ്നം കൂടും. വ്യാവസായിക മേഖലയായതുകൊണ്ടാണ്, അവിടത്തെ ജലം ചോർത്തുന്നവർക്കെതിരെ, അടിത്തട്ടിൽനിന്നു സമരം ഉണ്ടാവാതിരുന്നത് ഒരു ഘട്ടം കഴിഞ്ഞാൽ അതങ്ങിനെയാവില്ല. അതുകൊണ്ട് സ്ഥലം മാറ്റൽ ഒരു പരിഹാരമല്ല. പ്ലാച്ചിമട പ്രശ്നം തൽക്കാലം തീർന്നേക്കാം. കുറച്ചുകൂടി പരന്നു ചിന്തിച്ചാൽ പ്രശ്നപ്രദേശം മാറുന്നു എന്നേയുള്ളൂ.

5. അധികാര വികേന്ദ്രീകരണം നിയമപുസ്തകത്തിലുണ്ട്. ഭരണഘടനാ ഭേദഗതിയും നിയമസംഹിതയിലുണ്ട്. എത്ര സെമിനാറുകൾ നടത്തി. വിദ്യാഭ്യാസവും ആരോഗ്യവും എല്ലാം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്തു എന്നല്ലേ പറഞ്ഞത്. എന്നിട്ടോ. വിദ്യാഭ്യാസവും, ആരോഗ്യവും സംസ്ഥാന സർക്കാർ തന്നെ കൈവിട്ട് സ്വകാര്യക്കാർക്ക് കൊടുത്തു. സംസ്ഥാന സർക്കാരിനുകൂടി സ്റ്റേറ്റിലെ സുപ്രധാന മേഖലകളിൽ പങ്കില്ലെന്നായി.

പഞ്ചായത്ത് പ്രസിഡണ്ടിന്റെ സാമ്പത്തിക അധികാരം, കഴിഞ്ഞ മന്ത്രിസഭ വെട്ടിക്കുറച്ചു. അഞ്ഞൂറ് രൂപയാണ് കോളയ്ക്കെതിരെ കേസ് നടത്താൻ പെരുമാട്ടി പഞ്ചായത്ത് പ്രസിഡണ്ട് എ. കൃഷ്ണന്റെ പങ്കായി കിട്ടിയത്. ആരാണ് പഞ്ചായത്തുകളെ തകർക്കുന്നത്. അധികാരം താഴേതട്ടിലെത്തുന്നത്, സ്റ്റേറ്റ് ഭരണത്തിനു സഹിയ്ക്കില്ല. യഥാർത്ഥത്തിൽ ഒരധികാരവും താഴേയ്ക്കെത്തുന്നില്ല.

പഞ്ചായത്ത് കോളയുടെ ലൈസൻസ് റദ്ദാക്കിയതിനെ, ഒരു ബ്യൂറോക്രാറ്റായ പഞ്ചായത്ത് ഡയറക്ടർ അട്ടിമറിച്ചു. പിന്നെ ജനത്തിനെന്തധികാരമാണ് ബാക്കിയുള്ളത്. പെരുമാട്ടിയിലെ കുടിവെള്ളം, അമേരിക്കൻ കമ്പനി ചോർത്തി. പ്ലാച്ചിമടക്കാരെ വെള്ളം കിട്ടാനില്ലാതാക്കി. അതിനെതിരെ പെരുമാട്ടി പഞ്ചായത്ത് സമരം നടത്തി. അപ്പോൾ സർക്കാരും നിയമവും കോളകമ്പനിയുടെ പക്ഷത്തുനിന്നു. നാടുമുഴുവൻ നടന്നു കാശുപിരിച്ചാണ് സുപ്രീംകോടതി കയറിയത്. മനുഷ്യസ്നേഹികളായ നിയമജ്ഞർ (അഡ്വ. കെ. രാംകുമാറിനെ ഓർക്കുന്നു) ദയ കാണിച്ചതുകൊണ്ടാണ് കേസുകെട്ട് പരമോന്നത കോടതിയിലെത്തിയത്.

പ്രാദേശിക വെള്ളത്തിനുമേൽ അധികാരമില്ലെങ്കിൽ, എന്തിനു നിയമംകൊണ്ട് ഈ പഞ്ചായത്തുകളെ സൃഷ്ടിച്ചു. ഇതൊരു ക്രൂരമായ ഫലിതമല്ലേ. തെരഞ്ഞെടുപ്പ് കഴിഞ്ഞു. അവിടെയും ഇതൊരു വലിയ പ്രശ്നമാവാതെ പോയി. നാം സത്യത്തിൽനിന്ന് എത്ര ദൂരത്താണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തമാക്കാൻ പുതിയ വഴി അന്വേഷിച്ചേ പറ്റൂ. ഓരോ പഞ്ചായത്തും അതിനായി ജനങ്ങളെ ഒരുക്കൂട്ടി നിർത്തണം. രാഷ്ട്രീയം മറന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂട്ടായ്മ ഉണ്ടാവണം.

ഒരു പഞ്ചായത്തിന്റെ അധികാരം നിർണ്ണയിക്കാൻ സുപ്രീം കോടതി വേണ്ടിവരുന്നതിലധികം, വികേന്ദ്രീകരണ നിയമങ്ങളുടെ പരിഹാസ്യത എങ്ങനെ പ്രകടമാക്കും. ഇതാണ് നമ്മുടെ ഗതികേട്.

6. ഇടതുപക്ഷം ജയിച്ചു. വെറും ആള് മാറ്റമോ, പാർട്ടി മാറ്റമോ മാത്രം ആവാതിരിയ്ക്കട്ടെ. പ്ലാച്ചിമട പ്രശ്നം ഒറ്റപ്പെട്ട പ്രശ്നമാവരുത്. മൊത്തത്തിലുള്ള ഒരു തിരിച്ചറിവ് സംഭവിപ്പിയ്ക്കണം. ഇടതുപക്ഷ പാർട്ടികളും, സന്നദ്ധ സംഘടനകളും, ഒത്തു ശ്രമിച്ചാൽ പ്ലാച്ചിമട പ്രശ്നം പരിഹരിയ്ക്കാം. 'പെപ്സി' പ്രശ്നവും അതിൽ പെടണം.

പഞ്ചായത്തിന്റെ അധികാരങ്ങൾ കുറച്ചുകൂടി വ്യക്തമായി നിർവ്വചിക്കുകയും, പ്രായോഗിക ശേഷി നൽകുകയും വേണം. സർക്കാർ തലത്തിൽതന്നെ ഇതിനായി ഇടപെടൽ വേണം. നയപരമായും നിയമപരമായും ഭരണപരമായും ഇടപെടൽ പ്ലാച്ചിമട ആവശ്യപ്പെടുന്നു.

അവരുടെ ദുരിതത്തിൽ സഹതാപമിരിയ്ക്കട്ടെ. അവരുടെ അവകാശത്തിന്റെ തിരിച്ചറിവും, അത് തിരിച്ചുപിടിയ്ക്കലും ലക്ഷ്യം വെക്കുന്ന നടപടികൾ പുതിയ ഇടതുപക്ഷ ഭരണം കൈക്കൊള്ളണം.

*'അക്ഷരം', വിദ്യുത് നഗർ, പാലക്കാട്-1*

## അടുത്ത ലക്കങ്ങളിൽ

റോസ്മേരി, സി. രവീന്ദ്രനാഥ് എം.എൽ.എ., ഓാംജി ജോൺ, ഡോ.എം.കെ. പ്രസാദ്, ഫാ. തോമസ് കോച്ചേരി, സി. ശരത്ചന്ദ്രൻ, വി. വിജയചന്ദ്രൻ..... തുടങ്ങിയവർ എഴുതുന്നു.